പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3931

11/11/2019 ൽ മറുപടി നല്കേണ്ടത്.

## ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു. <br><br> സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് SNF @ School (Safe and Nutritious Food at School). <br><br> സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന Government Contact Centre (GCC) വഴി ലഭിക്കുന്ന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. <br><br> സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഭൗതിക സാഹചര്യവും ശുചിത്വമാനദണ്ഡങ്ങളും ഉറപ്പ് വരുത്തുന്നതിനും വേണ്ടി "Operation FISH" (Food Inspection @ Students' Hostel) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള 'ഓപ്പറേഷൻ സാഗർ റാണി', ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ മാതൃകാ ഗ്രാമപഞ്ചായത്ത് പദ്ധതി, ആരാധനാലയങ്ങൾ ഉൾപ്പെടെ ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ നടപ്പിലാക്കിയ പുതിയ പദ്ധതിയായ "BHOG" (Blissfull Hygienic Offering to God), ശർക്കരയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ 'ഓപ്പറേഷൻ പനേല' എന്നീ പദ്ധതികളും വിജയകരമായി നടന്നുവരുന്നു. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളോ സംരഭകരോ ആയവർക്ക് ദേശീയ ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് FoSTaC ( Food Safety Training and Certification) .

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിലും, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം തുടങ്ങിയ ഉത്സവ വേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് പരിശോധനകളും അവബോധന പരിപാടികളും സംഘടിപ്പിച്ച് വരുന്നു.

| | |
|---|---|
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യസുരക്ഷാ വകുപ്പ് | ബി) ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമായ രീതിയിൽ ഭക്ഷ്യവസ്തുക്കൾ വിൽക്കുക, ഭക്ഷ്യവസ്തുക്കളിൽ അനുവദനീയമായ അളവിൽ |

| | |
|---|---|
| കണ്ടെത്തിയിട്ടുള്ള പ്രധാന ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | കൂടുതൽ കളർ ചേർക്കുക, ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക, ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കാതെ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുക, കാലഹരണപ്പെട്ട ഭക്ഷ്യവസ്തുക്കളുടെ വിൽപന, ലേബൽ ലംഘനം തുടങ്ങിയവയാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പ്രധാന ക്രമക്കേടുകൾ |
| സി) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ക്വാഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിനും അടിയന്തര സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, സ്കൂൾ/കോളേജ് കലോത്സവം, തുടങ്ങിയ സന്ദർഭങ്ങളിലും പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്ന സാഹചര്യങ്ങളിലും, വ്യാപകമായ പരാതികൾ ലഭിക്കുന്ന സാഹചര്യത്തിലും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ, തട്ട്കടകൾ കേന്ദ്രീകരിച്ച് മാസത്തിൽ മൂന്ന് ദിവസത്തെ രാത്രികാല പ്രത്യേക പരിശോധനകളും നടത്തിവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ